ഉത്തരം

(എ) ഇല്ല.
(ബി) ശരിയല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.
(ഡി) ഇല്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.
(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

20. (76) ശ്രീ. ടി. കെ. കൃഷ്ണൻ
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ
,, സി. ഗോവിന്ദപ്പണിക്കർ
,, എം. സദാശിവൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, വി. എസ്. അച്ചുതാനന്ദൻ
,, എസ്. ദാമോദരൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, പി. പി. കൃഷ്ണൻ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് ബ്ലോക്കുകളുടെ പ്രവർത്തനത്തിൽ നിന്നും വിഭിന്നമായി കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനമണ്ഡലമേതു;

(ബി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആവിർഭാവത്തോടു കൂടി എൻ. ഈ. എസ്. ബ്ലോക്കുകളുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നുവെന്നറിയുന്നതു ശരിയാണോ;

(സി) ആണെങ്കിൽ കാരണമെന്തു;

(ഡി) ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിലവിൽ വന്നതിനു ശേഷം കാർഷിക മേഖലാ യന്ത്രവൽക്കരണത്തെ ലാക്കാക്കികൊണ്ടു വിവിധ ഉപയോഗങ്ങൾക്കായി ഏതെല്ലാം യന്ത്രങ്ങൾ എത്രവീതം വാങ്ങിയിട്ടുണ്ടു.

(ഇ) പ്രസ്തുത യന്ത്രങ്ങൾ പ്രവർത്തനത്തിൽ കൊണ്ടുവന്നതിനു ശേഷം സംസ്ഥാനകാർഷികമേഖലയിൽ എന്തുമാത്രം മാൻപൗവ്വർ ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടു.

(എഫ്) പ്രസ്തുത മാൻപൗവ്വർ ഉപയോഗപ്രദമാക്കാൻ പറഞ്ഞിരിയ സമാന്തര തൊഴിൽ സൗകര്യങ്ങളില്ലാതിരുന്നിട്ടുള്ളതു തൊഴിലില്ലായ്മയിലേക്കും പട്ടിണിയിലേക്കും മനഃപൂർവ്വം തള്ളിവിട്ടിരിക്കുകയാണെന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യന്ത്രവൽക്കൃത കൃഷിസംപ്രദായം സ്വീകരിച്ചു് നമ്മുടെ കാർഷിക സമ്പത്തു വർദ്ധിപ്പിക്കുക എന്ന ആവശ്യം മുൻനിർത്തി രൂപം കൊണ്ടിട്ടുള്ളതാണു്. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനപരിപാടിയുടെ ഒരു ലിസ്റ്റും മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) ശരിയല്ല.

(സി) പ്രോദ്യം ഉദിയ്ക്കുന്നില്ല.

(ഡി) കോർപ്പറേഷൻ വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ വിവരം താഴെ കുറിക്കുന്നു:

Tractor

D. T. 14 B Tractor 104
Zetor 2,011 Tractor 70
Massey Ferguson Tractor 32
Escort Tractor 6
Bolgur T. L. 30 A 3
International Tractor 1
Seed Cleaner 1
Hay Boiler 1

Power Tiller

Mitsubishi Power tiller 56
Krishi Power tiller 2

കൂടാതെ വിവിധതരത്തിലും കുതിരശക്തിയിലുമുള്ള പമ്പുസെറ്റുകളും (ആകെ 751) പവ്വർസ്പ്രേയറുകളും മുതലായവ ഹയർ പർച്ചേസിൽ കർഷകർക്കു വിതരണം ചെയ്തിട്ടുണ്ടു്;

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ചില ആക്ഷേപങ്ങളും പൊന്തി വന്നിട്ടുണ്ടു്.

(ജി) യന്ത്രവൽക്കരണംകൊണ്ടു ഒരുപ്പൂനിലങ്ങളും ഇരുപ്പൂനിലമായും ഇരുപ്പൂനിലങ്ങളും മൂപ്പുവായും മാറുന്നതിനും അങ്ങനെ നമ്മുടെ കാർഷിക സമ്പത്തു വർദ്ധിക്കുകയും ചെയ്യുന്നു. യന്ത്രങ്ങളുടെ ഉപയോഗംകൊണ്ടു് ഏറെ കാർഷിക തൊഴിലാളികൾക്കു് താൽക്കാലികമായി ജോലിയില്ലാതെ വരും എങ്കിലും യന്ത്രങ്ങളുടെ പ്രവർത്തനം മുന്നേറുന്നതോടൊപ്പം പുതിയ സാങ്കേതിക വിഭാഗം ആവിർഭവിക്കുകയാണു ചെയ്യുന്നത്. അതിനാൽ വൻ തോതിലുള്ള തൊഴിലില്ലായ്മയെപ്പറ്റി യേപ്പെടേണ്ടതില്ലെന്നാണു കരുതുന്നത്.

കുറ്റ്യാടി ജലസേചനപദ്ധതി

21 (80) ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന പ്രോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചനപദ്ധതി എന്നേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ഇതുവരെയായി ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ) നാലാം പദ്ധതിയിൽ വക കൊള്ളിച്ചിട്ടുള്ളതുകയുടെ അപര്യാപ്തത നിമിത്തം ഇപ്പോൾ പറയാൻ കഴിയില്ല.

(ബി) 333.97 ലക്ഷം രൂപ.

†Appendix I

LIBRARY ARCHIVES Kerala Legislative Assembly